"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കാലഹരണപ്പെട്ട എസ്.എൽ.ഐ പോളിസികൾ പുനരുജ്ജീവിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.7096/2024/ധന തീയതി, തിരുവനന്തപുരം, 24/09/2024**

പരാമർശം :-
1. ജി.ഒ.(പി).നം. 840/88/ധന തീയതി 16/11/1988.
2. ഇൻഷ്വറൻസ് ഡയറക്ടറുടെ 27/06/2024 തീയതിയിലെ കെ.എസ്.ഐ.ഡി/697/24 എച്ച്. ക്യൂ- ജി.എസ്.3 നമ്പർ കത്ത്.
3. ഇൻഷ്വറൻസ് ഡയറക്ടറുടെ 27/06/2024 തീയതിയിലെ കെ.എസ്.ഐ.ഡി/291/2023/എച്ച്. ക്യൂ- ജി.എസ്.2 നമ്പർ കത്ത്.
4. ഇൻഷ്വറൻസ് ഡയറക്ടറുടെ 29/06/2024 തീയതിയിലെ കെ.എസ്.ഐ.ഡി/334/2024/എച്ച്. ക്യൂ- ജി.എസ്.2 നമ്പർ കത്ത്.
5. ഇൻഷ്വറൻസ് ഡയറക്ടറുടെ 02/07/2024 തീയതിയിലെ കെ.എസ്.ഐ.ഡി/634/2024/എച്ച്. ക്യൂ- ജി.എസ്.1 നമ്പർ കത്ത്.
6. ഇൻഷ്വറൻസ് ഡയറക്ടറുടെ 04/07/2024 തീയതിയിലെ കെ.എസ്.ഐ.ഡി/198/2024/ എച്ച്. ക്യൂ- ജി.എസ്.2 നമ്പർ കത്ത്.
7. ഇൻഷ്വറൻസ് ഡയറക്ടറുടെ 20/07/2024 തീയതിയിലെ കെ.എസ്.ഐ.ഡി/856/2024/എച്ച്. ക്യൂ- ജി.എസ്.2 നമ്പർ കത്ത്.
8. ഇൻഷ്വറൻസ് ഡയറക്ടറുടെ 23/07/2024 തീയതിയിലെ കെ.എസ്.ഐ.ഡി/871/2024/എച്ച്. ക്യൂ- ജി.എസ്.2 നമ്പർ കത്ത്.

**ഉത്തരവ്**

വിവിധ കാരണങ്ങളാൽ എസ്.എൽ.ഐ. പോളിസി പ്രീമിയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് കാലഹരണപ്പെട്ട പരാമർശം (2) മുതൽ (8) വരെ ലഭ്യമാക്കിയിട്ടുള്ള എസ്.എൽ.ഐ. പോളിസികൾ പരാമർശം (1) ലെ എസ്.എൽ.ഐ ചട്ടം 21.1 ൽ ഇളവു വരുത്തി കുടിശ്ശിക പ്രീമിയം പിഴപ്പലിശ സഹിതം, കുടിശ്ശിക വന്ന തീയതി മുതൽ ഈടാക്കി പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 21.1 - ൽ ഇളവു വരുത്തി, ചുവടെ ചേർക്കുന്ന എസ്.എൽ.ഐ പോളിസികളുടെ കുടിശ്ശിക പ്രീമിയം, കുടിശ്ശിക വന്ന തീയതി മുതൽ അടയ്ക്കുന്ന തീയതി വരെ 9% കൂട്ടുപലിശ സഹിതം ഒറ്റത്തവണയായി അടച്ച്, ടി പോളിസികളുടെ ആനുകൂല്യം, തുക അടച്ച് രസീത്/ചെലാൻ കൈപ്പറ്റുന്ന തീയതി മുതൽ മാത്രമായിരിക്കുമെന്നുള്ള നിബന്ധനയോടെ, പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പോളിസി നമ്പർ | പേരും മേൽവിലാസവും | കൃത്യമായ പ്രീമിയം തുക കിഴിവ് വരുത്തുന്നതിൽ മുടക്കം വരുത്തിയ കാലയളവ് | പ്രീമിയം തുക മുടക്കം വരുത്തിയതിനുള്ള കാരണം |
|---|---|---|---|---|
| 1 | കെഎസ്ഐ.ഡി /എൽ.ഐ/240951108 | ശ്രീമതി.രേഷ്മ.പി എച്ച്.എസ്.ടി ജി.എച്ച്.എസ്.എസ് നീലേശ്വരം കോഴിക്കോട് | 2010 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലും 10/2010 മുതൽ 08/2011 വരെയും 07/2015 മുതൽ നാളിതുവരെയും | കെ.എസ്.ആർ. പാർട്ട് – I അപ്പെൻഡിക്സ് XII–ബി, അപ്പെൻഡിക്സ് XII–സി എന്നിവ പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ |
| 2 | കെഎസ്ഐ.ഡി/ എൽ.ഐ/590536739 | ശ്രീമതി. റസീന.എ.എ ജൂനിയർ സൂപ്രണ്ട് വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് ചെറുതുരുത്തി, തൃശ്ശൂർ | 09/2008 മുതൽ 06/2009 വരെ | അർദ്ധവേതനാവധി, ആർജ്ജിതാവധി, ശൂന്യവേതനാവധി എന്നിവയിൽ ആയിരുന്നതിനാൽ |
| 3 | കെഎസ്ഐ.ഡി /എൽ.ഐ/240470116 | ശ്രീമതി.ജെസ്സി.ടി.കെ എൽ.പി.എസ്.ടി ലിറ്റിൽ ഫ്ലവർ എൽ.പി.എസ് പെരിഞ്ചേരി, തൃശ്ശൂർ | 09/2005 മുതൽ 03/2006 വരെ | മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ |
| 4 | കെഎസ്ഐ.ഡി /എൽ.ഐ/ 10104121874<br>കെഎസ്ഐ.ഡി /എൽ.ഐ/ 0104110335 | ഡോ.വിജോ തോമസ് കുര്യൻ അസിസ്റ്റന്റ് പ്രൊഫസർ സി.എം.എസ് കോളേജ് (ഓട്ടോണമസ്), കോട്ടയം | 03/2013 മുതൽ 12/2014 വരെയും 01/2017 മുതൽ 11/2017 വരെയും | ആദ്യ കോളേജിൽ നിന്നും വിടുതൽ വാങ്ങിയതിന് ശേഷം ശമ്പളം ലഭ്യമായതിനുള്ള കാലതാമസം കാരണം |

| | | | | |
|---|---|---|---|---|
| 5 | കെഎസ്ഐ.ഡി/ എൽ.ഐ/600792640 | ശ്രീ.എൽദോ.സി.കെ എസ്.സി.പി.ഒ ക്രൈം ബ്രാഞ്ച് സെൻട്രൽ യൂണിറ്റ് II, എറണാകുളം | 06/2007 മുതൽ നാളിതുവരെ | ക്ലറിക്കൽ പിശക് മൂലം പ്രീമിയം തുകയായ 50/- രൂപയ്ക്ക് പകരം 40/- രൂപയാണ് കിഴിക്കൽ നടത്തിയത് |
| 6 | കെഎസ്ഐ.ഡി /എൽ.ഐ/281031294 | ശ്രീമതി. നിബിത ബാനു. എ ലാബ് ടെക്നീഷ്യൻ പ്രാഥമിക ആരോഗ്യ കേന്ദ്രം ഗോതുരുത്ത്, എറണാകുളം | 01/2014 മുതൽ 12/2023 വരെ | കെ.എസ്.ആർ. പാർട്ട് - I അപ്പെൻഡിക്സ് XII-സി പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ |
| 7 | കെഎസ്ഐ.ഡി/ എൽ.ഐ/240480486<br>കെഎസ്ഐ.ഡി /എൽ.ഐ/ 240775556 | ശ്രീമതി. ശാലി.ടി. വർഗ്ഗീസ്, എച്ച്.എസ്.ടി സെന്റ് മേരീസ് എച്ച്.എസ് ചെങ്ങലൂർ, തൃശ്ശൂർ | 07/2010 മുതൽ 12/2010 വരെ | ശമ്പളം വൈകിയതിനാൽ |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. എസ്റ്റാ.ഡി 2/106/2024/ധന, ഇ 2888506)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ